# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2947** **10.03.2017-ൽ മറുപടിക്ക്**

**പാലപ്പുറം-നെല്ലിക്കുർശി-കതിരവഴി പാലത്തിന്റെയും റോഡിന്റെയും നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉണ്ണി** | **ശ്രീ.ജി.സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) പാലപ്പുറം - നെല്ലിക്കുർശി - കതിരവഴി പാലത്തിന്റെയും റോഡിന്റെയും നിർമ്മാണത്തിന്റെ കാലികസ്ഥിതി വ്യക്തമാക്കുമോ; | (എ) പാലപ്പുറം - കതിരവഴി പാലത്തിന്റെയും റോഡിന്റെയും, നിർമ്മാണത്തിനുള്ള 4 കോടി രൂപയുടെ ഭരണാനുമതി 22.12.2015-ലെ ജി.ഒ (ആർ.റ്റി) നം. 1930/2015/പൊ.മ.വ പ്രകാരം നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്യെങ്കിലും ഒരു ഇൻവെസ്റ്റിഗേഷൻ കൺസൽട്ടൻസിയിൽ നിന്നും പ്രതികരണം ഇല്ലാത്തതു കൊണ്ട് പ്രവൃത്തിക്ക് വേണ്ടി ക്വട്ടേഷൻ ക്ഷണിക്കുകയും ക്വട്ടേഷൻ സമർപ്പിച്ച ഒരു കൺസൽട്ടൻസിക്ക് പ്രവൃത്തി നൽകുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| (ബി) പാലപ്പുറം - നെല്ലിക്കുർശി - കതിരവഴി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായാൽ മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) പ്രസ്തുത പാലം നിർമ്മാണത്തിന് എന്നാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) പ്രസ്തുത പാലം നിർമ്മാണത്തിന് 22.12.2015 തീയതിയിലാണ് ഭരണാനുമതി നൽകിയത്. |

സെക്ഷൻ ഓഫീസർ